**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം
## KEAM – 2021

**സർക്കാർ കോളേജുകളിലെ ബി.ഫാം കോഴ്സിലേക്കുള്ള മോപ് – അപ്പ് അലോട്ട്മെന്റ് (രണ്ടാം റൗണ്ട്) ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള അവസരം**

2021-22 അദ്ധ്യയന വർഷത്തെ ബി .ഫാം കോഴ്സിലേക്കുള്ള പ്രവേശന തീയതി 30.04.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തെ തുടർന്ന് സംസ്ഥാനത്തെ സർക്കാർ ഫാർമസി കോളേജുകളിൽ ബി .ഫാം കോഴ്സിന് അനവധി സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2021-22 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിൽ ബി.ഫാം കോഴ്സിന് ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് ഒരു മോപ് അപ് കൗൺസിലിംഗ് കൂടി നടത്തുന്നു. മോപ്-അപ്പ് കൗൺസിലിംഗിൽ പങ്കെടുക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ബി .ഫാം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **22.04.2022 മുതൽ 25.04.2022 വൈകുന്നേരം 04.00 മണി വരെ** പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ മോപ്-അപ്പ് കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ ഹോം പേജിൽ പ്രവേശിച്ച് **'B.Pharm Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ മോപ്-അപ്പ് അലോട്ട്മെന്റ് **27.04.2022** ന് പ്രസിദ്ധീകരിക്കുന്നതാണ്.
മോപ് അപ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഒടുക്കിയശേഷം 30.04.2022 ഉച്ചയ്ക്ക് 2.00 മണിയ്ക്കുള്ളിൽ അതാത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

### അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| 22.04.2022 | ഓൺലൈൻ മോപ്-അപ്പ് കൗൺസിലിംഗിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| 25.04.2022 (വൈകുന്നേരം 4.00 മണിവരെ) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 27.04.2022 | മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 28.04.2022 മുതൽ 30.04.2022 (ഉച്ചയ്ക്ക് 2 .00 മണി വരെ) | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. |
| 30.04.2022 (വൈകിട്ട് 3 .00 മണി) | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം |

**<u>മോപ്-അപ്പ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

1. പ്രവേശനം നേടുമെന്ന് ഉറപ്പുള്ള കോളേജുകളിലേക്ക് മാത്രം ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

2. മോപ് അപ്പ് അലോട്ട്മെന്റ് പ്രക്രിയയിലൂടെ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകൾ പ്രകാരം സർക്കാർ കോളേജുകളിൽ നിലവിൽ ബി.ഫാം കോഴ്സിന് അഡ്മിഷനുള്ള വിദ്യാർത്ഥികൾക്ക് മോപ്-അപ് കൗൺസിലിംഗിലൂടെ പുതിയ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിലവിലുള്ള അഡ്മിഷൻ റദ്ദാകുന്നതാണ്.

4. **താഴെ പറയുന്ന വിദ്യാർത്ഥികൾ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ യോഗ്യരല്ല.**

a. നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയവരും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എം .ബി.ബി.എസ്/ബി.ഡി.എസ് മോപ് അപ്പ് അലോട്ട്മെന്റ്/ എം.ബി.ബി.എസ് സ്റ്റേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം അലോട്ട്മെന്റ് നേടിയവർ.
b. 20.04.2022 ലെ മോപ് അപ് അലോട്ട്മെന്റിൽ മെഡിക്കൽ ( BAMS/BHMS/BSMS/BUMS)/ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ (B.Sc Agriculture/B.Sc Forestry, BVSc &AH BFSc, etc.) അലോട്ട്മെന്റ് ലഭിച്ചവർ.
c. അഖിലേന്ത്യാ കൗൺസലിംഗിലൂടെ BAMS/BHMS/BSMS/BUMS കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ.
d. അഖിലേന്ത്യാ കൗൺസലിംഗിലൂടെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ.

5. മോപ്-അപ് അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത പക്ഷം കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c)(i) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും.

**<u>മോപ് അപ് രജിസ്ട്രേഷൻ ഫീസ്</u>**

- മോപ് അപ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 5000/- രൂപ (അയ്യായിരം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് രജിസ്ട്രേഷൻ ഫീസ് ആയി ഒടുക്കേണ്ടതാണ്.

- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ / OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ /20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും 1000/- (ആയിരം രൂപ) രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയതിനുശേഷം മാത്രമേ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചുകഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും

അനുവദിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്.

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ കീം 2021 ലെ ഏതെങ്കിലും കോഴ്സുകൾക്ക് രജിസ്ട്രേഷൻ/അഡ്മിഷൻ/മോപ് അപ് അലോട്ട്മെന്റ് രജിസ്ട്രേഷൻ എന്നിവയിലേക്ക് വിദ്യാർത്ഥികൾ അടച്ച തുക ഈ മോപ് അപ് രജിസ്ട്രേഷൻ ഫീസിനത്തിൽ വകയിരുത്തുന്നതല്ല. ഇത്തരം വിദ്യാർത്ഥികൾ പുതുതായി മുകളിൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം, രജിസ്ട്രേഷൻ ഫീസ് കോഴ്സ് ഫീസിലേക്ക് വകയിരുത്തുന്നതാണ്.
- മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് റീഫണ്ട് ചെയ്യുന്നതാണ്.
- മോപ്-അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല. കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ളോസ് 12.2.4(i) പ്രകാരം പിഴ ഈടാക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.04.22 12:48:19 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**22/04/2022**